# തബ്ലീഗ് പ്രവർത്തനം
# ഒരു ലഘുപരിചയം

ഡോ. കെ. കെ. സകരിയ്യാ സ്വലാഹി

---

മുസ്ലിം സമുദായത്തിൽ കർമ്മാനുഷ്ഠാനങ്ങളെക്കുറിച്ച് പ്രബോധനം ചെയ്യുവാനും അവരെ നമസ്ക്കാരത്തിലേക്കും ദിക്റിലേക്കും സർവ്വോപരി സൂഫി സത്തിലേക്കും ആകർഷിക്കാൻ വേണ്ടി നടത്തപ്പെടുന്ന ഒരു പ്രവർത്തനമാണ് ഇന്ന് ലോകത്തിന്റെ വിവിധ പ്രവർത്തനം. പള്ളികളിൽ ഒത്തുചേർന്നും വീടുകളിൽ നേരി ട്ടു ചെന്നും മുസ്ലിം ബഹുജനങ്ങളെ 'അമലുകൾ'ക്ക് പ്രേരിപ്പിക്കുന്ന ഈ വി ഭാഗത്തിന്റെ പ്രവർത്തനംമൂലം പല മാറ്റങ്ങളും ചില ആളുകളിൽ ഉണ്ടായി ട്ടുമുണ്ട്. തെമ്മാടികളും താന്തോന്നികളുമായി നേരിട്ടു ബന്ധപ്പെട്ടു അവരിൽ ചി ലരെയെങ്കിലും പള്ളികളിലെത്തിക്കാനും അത് വഴി താൽക്കാലികമായി അവരെ കുറ്റകൃത്യങ്ങളിൽ നിന്ന് മോചിപ്പിക്കാനും ഈ പ്രവർത്തനം മൂലം ചിലപ്പോൾ സാധിക്കുന്നുണ്ട് എന്നതും ഒരു വസ്തുതയത്രെ.

വീടുകളിൽ കയറിയിറങ്ങിക്കൊണ്ടുള്ള പ്രബോധനപ്രവർത്തനങ്ങൾ പലമുസ്ലിം മതസംഘടനകളും നടത്തുന്നുണ്ടെങ്കിലും അവരൊക്കെ ദഅ്വത്തി ന്റെ രീതികളിൽ ഒന്നുമാത്രമായിട്ടാണ് അതിനെ കാണുന്നത്. എപ്പോഴും വീടുകൾ കയറിയുള്ള പ്രബോധനത്തിലും സ്ക്വാഡു പ്രവർത്തനത്തിലും മാത്രം കേന്ദ്രീകരി ക്കാതെ ഫലപ്രദമായ മറ്റു മാർഗങ്ങളും മതപ്രചരണത്തിനായി അവലംബിക്കാൻ ഇസ്ലാം പ്രേരണയും പ്രോത്സാഹനവും നൽകിയിട്ടുണ്ട് എന്നതാണ് മറ്റു സംഘടനകളുടെ നിലപാടിന്നാധാരം. പ്രസംഗം, ക്യാമ്പ്, സെമിനാർ, സംവാദം, സമ്മേളനം, കുടുംബ സദസ്, അയൽക്കൂട്ട യോഗം, കവലകളിലെ പൊതുയോഗം, ജുമുഅഃ പ്രസംഗം, ഓഡിയോ - വീഡിയോ കാസറ്റുകൾ, പത്രപ്രസിദ്ധീകരണങ്ങൾ, ടെലിവിഷൻ, ഇൻറ്റർനെറ്റ്, റേഡിയോ... തുടങ്ങി നിരവധി മാർഗങ്ങൾ ജനങ്ങളെ ദീനുമായി അടുപ്പിക്കാൻ ഇസ്ലാമിക സംഘടനകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. തെമ്മാടികളും താന്തോന്നികളുമായിരുന്ന നിരവധി വ്യക്തികൾ പ്രസ്തുത മാധ്യമങ്ങളിലൂടെ ഇസ്ലാമിന്റെ വെളിച്ചത്തിലേക്ക് വന്നിട്ടുണ്ട്.

സ്വഭാവികമായും മറ്റു പലസംഘടനകളെയും പോലെ തബ്ലീഗ് ജമാഅത്തിൻെറ പ്രവർത്തനം കൊണ്ടും കുറെ പള്ളികൾ സജീവമാക്കാനും പല മഹല്ലുകളിലും നമസ്ക്കാരത്തിലും മറ്റും താൽപര്യം സാധിച്ചിട്ടുണ്ട്. അതുപോലെത്തന്നെ, ഈ സംഘത്തിൻെറ ആവിർഭാവത്തോടെ യഥാസ്ഥികരായ സാധാരണക്കാരിൽ പലരും ഇവരിൽ ആകൃഷ്ടരാവുകയും അവർ പള്ളികളിൽ 'വഅള്' പറയാൻ തുടങ്ങുകയും ചെയ്തു. കൂലിപ്രസംഗകരെ മാത്രം കണ്ട് പരിചയമുള്ള കേരളത്തിലെ സമസ്ക്കാരുടെ സഹയാത്രികർ പലരും 'തബ്ലീഗി'ലേക്ക് ചേക്കേറിയപ്പോൾ സ്വന്തം സമ്പത്തും സമയവും ദീനീപ്രചരണത്തിൽ വിനിയോഗിക്കൽ ഓരോ സാധാരണക്കാരൻെറയും കടമയാണെന്ന ധാരണ അവരിൽ വളർന്നുവന്നു.

വേഷഭൂഷാദികളിലും പെരുമാറ്റത്തിലും വ്യതിരിക്തത പുലർത്താൻ നിഷ്ക്കർഷിക്കുന്ന 'തബ്ലീഗ്' പ്രവർത്തകർ തങ്ങളുടെ ആളുകൾക്കിടയിൽ പരസ്പര ബഹുമാനവും സഹായസഹകരണ മനസ്ഥിതിയും വളർത്തുന്നതിനും 'ജമാഅത്തി'ന് പോകുമ്പോൾ കാര്യമായി ശ്രദ്ധിക്കാറുണ്ട്. ഇസ്ലാം മതപ്രവർത്തനങ്ങൾ പള്ളികളിലും മദ്രസാ - കോളേജ് പോലുള്ള സ്ഥാപനങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്ന വടക്കേ ഇന്ത്യയിൽ പലേടത്തും 'തബ്ലീഗ് ജമാഅത്തി'ൻെറ പ്രവർത്തനഫലമായി ദീനീരംഗത്ത് പൊതുജനങ്ങൾക്കിടയിൽ പുതിയ ഉണർവുണ്ടാവുകയും പൂട്ടിക്കിടന്ന പലപള്ളികളും വിശ്വാസികളെക്കൊണ്ട് നിറയുകയും ചെയ്തിട്ടുണ്ട് എന്ന അവകാശവാദങ്ങളും നാം നിഷേധിക്കുന്നില്ല.

## മുഹമ്മദ് ഇൽയാസ് സാഹിബ്

അല്ലാഹുവിനെ മറന്നും കടമകളെ വിസ്മരിച്ചും ജീവിക്കുന്ന മേവാത്ത് പ്രദേശത്തെ മുസ്ലിംകളുടെ അധഃപതനവും ശോചനീയാവസ്ഥയും കണ്ട് വ്യസനിച്ച് ശൈഖ് മുഹമ്മദ് ഇൽയാസ് (റഹ്) സ്ഥാപിച്ചതാണ് ഇന്ന് നാടാകെ പ്രചരിച്ചുകൊണ്ടിരിക്കുന്ന തബ്ലീഗ് ജമാഅത്ത് എന്നാണ് ചില തബ്ലീഗുകാർ അവകാശപ്പെടാറുള്ളത്. 'ഫദാഇലെ തബ്ലീഗ്' എന്ന തബ്ലീഗുകാരുടെ തഅലീം ഗ്രന്ഥത്തിൽ എഴുതുന്നു: 'പൊതുജനങ്ങൾ ദൈനംദിനം ദീനും വിട്ട് അകന്ന് പലതരത്തിലും വഴികെട്ട് പോകുന്ന നില അദ്ദേഹത്തെ വളരെ ദുഃഖത്തിലാഴ്ത്തി. 'മേവാത്ത്' ഈസ്റ്റ് പഞ്ചാബിലെ ഒരു പ്രദേശമാണ്. ഇവിടങ്ങളിൽ മദ്രസകളും ഉലമാക്കളും വളരെ കുറവായിരുന്നു. യാത്രാസൗകര്യം കുറഞ്ഞ മലമ്പ്രദേശങ്ങളായതുകൊണ്ട് പുറത്തുനിന്നുള്ള ഉലമാക്കളുടെ

ബന്ധവും വളരെ കുറവായിരുന്നു. ഇക്കാരണങ്ങളാൽ ഈ പ്രദേശത്തെ ജനങ്ങൾ പലവിധത്തിലുള്ള അനാചാരങ്ങളിലും മുഴുകി ദീനിനെപറ്റി യാതൊരു ബോധവുമില്ലാത്തവരായി കഴിഞ്ഞിരുന്നു. ഹസ്രത്ത് മൗലാനാ അവർകൾ ആദ്യമായി വളരെ ബുദ്ധിമുട്ടുകൾക്ക് ആളായിക്കൊണ്ട് ഈ പ്രദേശക്കാരെ ദീനിൽ വിവരമുള്ളവരാക്കുവാനും ഇസ്ലാമികമായ അനുഷ്ഠാനങ്ങൾ ഉണ്ടാക്കിത്തീർക്കുവാനുമായുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. പിന്നീടദ്ദേഹം ഈ പ്രവർത്തനത്തെ ലോകവ്യാപകമാക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടുകയും പല തവണ ഹിജാസ് മുഖദ്ദസിൽ പോവുകയും ഇന്ത്യയിലും വെളിയിലുമുള്ള ഉലമാക്കളുമായി ബന്ധപ്പെടുകയും ചെയ്തു. എന്നാൽ മേവാത്തിൽ മറ്റൊരാൾ തുടങ്ങിവെച്ച സ്ക്വാഡ് പ്രവർത്തനങ്ങൾ പിന്നീട് വന്ന ശൈഖ് ഇൽയാസ് സാഹിബ് ഏറ്റെടുക്കുകയും അതിന് പുതിയ രൂപവും ഭാവവും നൽകുകയുമാണ് യഥാർത്ഥത്തിൽ ഉണ്ടായതെന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.'

തബ്ലീഗെ ജമാഅത്തിന് ഒരു സ്ഥാപകനില്ലെന്നും ഇന്നിക്കാണുന്ന തബ്ലീഗ് പ്രവർത്തനം നബി(സ)യുടെ കാലം മുതൽ ഇന്നുവരെ തലമുറ-തലമുറയായി ഇതേ രൂപത്തിൽ നിലനിൽക്കുന്നതാണെന്നും ചില തബ്ലീഗു സുഹൃത്തുക്കൾ ധരിച്ചുവശായിട്ടുണ്ട്! അവർ മേലെഴുതിയ ഉദ്ധരണി സശ്രദ്ധം വായിക്കട്ടെ. ഇസ്ലാമിക പ്രബോധനം നബി(സ)യുടെ കാലം മുതൽ ഇന്നുവരെ ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്നുവെന്നകാര്യം നിസ്തർക്കമാണ്. എന്നാൽ ഇന്ന് തബ്ലീഗുകാർ സ്വീകരിച്ചിട്ടുള്ള തഅ്ലീമു, തബ്ലീഗീഗശ്തു (ഊരുചുറ്റൽ), മാസാന്ത മശൂറകൾ... തുടങ്ങിയ നിശ്ചിത രീതികളൊന്നും ഈ രൂപത്തിൽതന്നെ നബി(സ)യോ സ്വഹാബത്തോ കാണിച്ചുതന്നിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ പല തബ്ലീഗുകാരുടെയും വിചാരം ഇത് നബി(സ)യുടെ കലർപ്പില്ലാത്ത മാതൃകയാണ് എന്നത്രെ!

മുഹമ്മദ് ഇൽയാസ് സാഹിബ് രചിച്ച 'പയാമെ അമൽ' എന്ന പുസ്തകം 'തബ്ലീഗ് പ്രവർത്തന സന്ദേശം' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൻെറ അവതാരികയിൽ പറയുന്നത് കാണുക: "ഡൽഹിയിൽ നടന്ന ജംഇയ്യത്തുൽ ഉലമാ-എ-ഹിന്ദിൻെറ ഒരു സുപ്രധാന സമ്മേളനത്തിൽ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും കാര്യപ്പെട്ട മിക്കവാറും ഉലമാക്കൾ സംബന്ധിച്ചിരുന്നു."

"മൗലാനാ ഇൽയാസ് (റ:) രോഗ ശയ്യയിലായിരുന്നതുകൊണ്ട് നേരിൽ പോയി ഉലമാക്കളുടെ സമ്മേളനത്തിൽ സംബന്ധിക്കുവാൻ കഴിഞ്ഞില്ല. തങ്ങൾ

ആരംഭിച്ചിരിക്കുന്ന, ഇന്ന് 'തബ്ലീഗ് പ്രവർത്തനം' എന്ന പേരിലറിയപ്പെടുന്ന ദീനിപ്രവർത്തനത്തെപ്പറ്റി ഉലമാക്കൾക്ക് വിവരിച്ചു കൊടുക്കാനായി എഴുതിയ ഒരു ലേഖനമാണ് 'പയാമെ അമൽ' എന്ന ഈ ചെറുഗ്രന്ഥം.

കേരളത്തിൽ തബ്ലീഗ് പ്രവർത്തനത്തിന് ചുക്കാൻപിടിക്കുന്ന മുഹമ്മദ് മൂസാ (കുഞ്ഞാർ) അവർകളാണ് ഈ അവതാരിക എഴുതിയിട്ടുള്ളത്. ഇന്ന് 'തബ്ലീഗ് പ്രവർത്തനം' എന്നറിയപ്പെടുന്ന നിശ്ചിത രൂപത്തിലുള്ള ഈ പ്രവർത്തനം മുഹമ്മദ് ഇൽയാസ് സാഹിബ് പുതുതായി ആരംഭിച്ചതാണെന്ന് ഈ ഉദ്ധരണിയും വ്യക്തമാക്കുന്നു.

മാത്രമല്ല, 'തബ്ലീഗെ ജമാഅത്തി'ന്റെ പ്രവർത്തനങ്ങൾക്ക് ഊടും പാവും നൽകി വ്യവസ്ഥാപിതമാക്കിയതും ഇൽയാസ് സാഹിബ് ആയിരുന്നുവെന്ന് ഈ ലഘുകൃതി (പയാമെ അമൽ) വായിക്കുന്ന ആർക്കും വ്യക്തമാവും.

## സകരിയ്യാ സാഹിബ് നേതൃനിരയിലേക്ക്

വളരെ ശാന്തമായ നിലയിൽ അടിസ്ഥാനപരവും പ്രധാനവുമായ വിഷയങ്ങളിലേക്ക് പൊതുമുസ്ലിംകളുടെ ശ്രദ്ധയെ തിരിക്കുവാനും അവരുടെ ജീവിതം ദീനുമായി അടുത്ത് ദീനിന്ന് മറ്റെല്ലാ കാര്യങ്ങളെക്കാളും പ്രാധാന്യവും വിലയും കൽപ്പിക്കുന്നവരുമായിത്തീരുന്നതിനു വേണ്ടി ആണ് മുഹമ്മദ് ഇൽയാസ് ഈ പ്രവർത്തനത്തിന് തുടക്കം കുറിച്ചതെന്ന് 'പയാമെ അമൽ' എന്ന കൃതിയുടെ അവതാരികയിൽ കാണുന്നു.

എന്നാൽ, മുഹമ്മദ് ഇൽയാസിന്റെ പിൻഗാമിയായിരുന്ന മുഹമ്മദ് യൂസുഫിനു ശേഷം ശൈഖ് ഇൻആമുൽ ഹസൻ അതിന്റെ നേതൃത്വത്തിൽ വന്നു. അതിനു ശേഷം ഈ ജമാഅത്തിന്റെ ഗുരുപദവിയിൽ നിന്ന് സ്വയം അവരോധിതനായി എന്ന് പറയപ്പെടുന്ന സകരിയ്യാ സാഹിബ് സഹാറൻഫൂരി എന്ന വ്യക്തി തബ്ലീഗ് പ്രവർത്തനത്തെ ഇന്നീ കാണുന്ന രീതിയിലേക്ക് വഴിതിരിച്ച് വിടുന്നതിൽ കാര്യമായ പങ്കുവഹിക്കുകയുണ്ടായി. ഇന്ന് തബ്ലീഗുകാർ 'വേദം' പോലെ കൊണ്ടുനടക്കുന്ന 'തഅ്ലിം' കിതാബുകൾ മുഴുവനും രചിച്ചിട്ടുള്ളത് സകരിയ്യാ സാഹിബാണ്. തബ്ലീഗ് പ്രവർത്തനത്തെ സലഫു സ്വാലിഹുകളായ പൂർവ്വിക മുസ്ലിംകൾക്ക് പരിചയമില്ലാത്ത വഴിപിഴച്ച സൂഫിസത്തിലേക്കും തദ്വാരാ പിന്തിരിപ്പിക്കാൻ യാഥാസ്ഥികത്വത്തിലേക്കും നയിക്കുന്നതിൽ ഇദ്ദേഹത്തി

ൻെറ 'ഫദാഇൽ കിതാബുകൾ' കാര്യമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നുവെന്ന് ആ കൃതികൾ നിഷ്പക്ഷബുദ്ധ്യാ വിലയിരുത്തുന്ന ആർക്കും ബോധ്യപ്പെടും.

## എങ്ങനെ വിലയിരുത്തണം?

തബ്ലീഗീ ജമാഅത്തിൻെറ പ്രവർത്തനങ്ങളിൽ വർഷങ്ങളായി മുഴുകിയിട്ടുള്ള പലരെയും ഈ ലേഖകന് നേരിൽ പരിചയമുണ്ട്. ഈ പ്രവർത്തനം മൂലം ചില വ്യക്തികളിൽ ഉണ്ടാകുന്ന മാറ്റത്തെക്കുറിച്ചും ഇവരുടെ വശ്യമായ ശൈലിയുടെ ഫലസിദ്ധിയെക്കുറിച്ചുമുള്ള മതിപ്പുമാത്രമാണ് അവരിൽ മിക്കവരെയും 'തബ്ലീഗി'ലേക്ക് ആകർഷിച്ചതത്രെ. അവരുടെ ആദർശങ്ങളോ നയപരിപാടികളോ മനസിലാക്കിക്കൊണ്ടല്ല ഇവർ ഈ 'ജമാഅത്തിൽ' കണ്ണികളാവാൻ ഒരുമ്പെട്ട് നടക്കുന്നതെന്നും അവരിൽ പലരും 'തഅ്ലീം' കിതാബുകൾ ശ്രദ്ധാപൂർവ്വം വായിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്നും അവരുമായി ഇടപഴകിയതിൽ നിന്നും ഈ ലേഖകന് വ്യക്തമായി മനസിലായിട്ടുണ്ട്. "തബ്ലീഗുകാർ തരക്കേടില്ല" എന്ന് പ്രശംസിക്കുന്നവരിൽ പലരും അവരുടെ 'തഅ്ലീം' കിതാബുകൾ ഒരാവർത്തി വായിച്ചു നോക്കുക പോലും ചെയ്തിട്ടില്ല എന്നത് എന്തുമാത്രം വിചിത്രമല്ലേ!

ഏതൊരു പ്രസ്ഥാനത്തെയും വിലയിരുത്തേണ്ടത് ആ പ്രസ്ഥാനത്തിൻെറ പ്രവർത്തനം ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം മാത്രം കണക്കിലെടുത്തുകൊണ്ടാവരുത്. അങ്ങിനെയാണെങ്കിൽ ഖാദിയാനികളുടെയും ശിയാക്കളുടെയും മറ്റും പ്രവർത്തനങ്ങൾ മൂലം പല ആളുകളുടെയും ജീവിതത്തിൽ ബാഹ്യമായ ചില മാറ്റങ്ങൾ നാം കുണുന്നു. (ഉദാ:- നമസ്കാരം, ഇസ്ലാമിക വേഷവിധാനങ്ങൾ, വിനയം...) പക്ഷെ, അതുകൊണ്ട്മാത്രം ആ പ്രസ്ഥാനങ്ങൾ സത്യപ്രസ്ഥാനങ്ങളാണെന്ന് കരുതുന്നത് ബുദ്ധിയും ചിന്തയും ഉള്ളവർക്ക് ചേർന്നതല്ല. മറിച്ച് ഓരോ പ്രസ്ഥാനത്തിൻെറയും ആദർശങ്ങളും നയപരിപാടികളും പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും മറ്റു പ്രവർത്തനങ്ങളും പഠിച്ച് വിലയിരുത്തുകയാണ് പ്രായോഗിക ബുദ്ധിയുള്ള മുസ്ലിംകൾ ചെയ്യേണ്ടത്.

ശബരിമലയിലേക്കും പുത്തൻപള്ളി ജാറത്തിലേക്കും മറ്റും നേർച്ചകൾ നേർന്നതിൻെറ പേരിലും അവിടെയൊക്കെ സന്ദർശിച്ച് പൂജകളും തുലാഭാരവുമൊക്കെ നടത്തിയത്തിൻെറ പേരിലും പല മുസ്ലിം നാമധാരികൾക്കും രോഗശമനവും സൗഭാഗ്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നതായി അവർ സ്വയം ജൽപ്പി

ക്കുന്നു. എന്നാൽ ഈ 'ഫലസിദ്ധി' മാത്രം നോക്കി പ്രസ്തുത ദുഷിച്ച മാർഗങ്ങൾ സത്യമാണെന്ന് സത്യവിശ്വാസവും സൽബുദ്ധിയുമുള്ളവർ വിലയിരുത്തുമോ? 'തബ്ലീഗെ ജമാഅത്തിൻെറ' പുറംമോടി മാത്രം കണ്ട് ഒപ്പം കൂടിയ ചിലർ അതിലൂടെ നന്നാവാൻ ഇടയായിട്ടുണ്ടെന്ന ന്യായം പറഞ്ഞ് തബ്ലീഗെ ജമാഅത്തിന് 'ഗുഡ്സർട്ടിഫിക്കറ്റ്' കൊടുക്കുന്നവരുടെ സ്ഥിതിയും ഇതുപോലെ ത്തന്നെയാണ്.

## ലക്ഷ്യവും മാർഗവും നന്നാവണം

മുസ്ലിം ബഹുജനങ്ങളെ ദീനീകാര്യങ്ങളിൽ താൽപ്പര്യമുള്ളവരാക്കുവാനും അവരെ അമലുകൾ ചെയ്യിക്കാനുമുള്ള പരിശ്രമങ്ങളാണ് ഞങ്ങൾ ചെയ്യുന്നതെന്ന് തബ്ലീഗുകാർ സാധാരണ പറയാറുണ്ട്. എന്നാൽ പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്ന് കരുതാവുന്ന ഈ പ്രവർത്തനം ഇന്ന് ലക്ഷ്യത്തിലും മാർഗത്തിലും ആദർശത്തിലും പ്രവാചകൻമാരുടെയും സലഫുസ്വാലിഹുകളുടെയും മാതൃകയിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഈ പ്രവർത്തനത്തെ വിലയിരുത്തുന്ന നമുക്ക് മനസിലാവാൻ പ്രയാസമില്ല. അന്ത്യനാൾ വരെയുള്ള മുസ്ലിംകൾക്ക് ഇസ്കാമിക പ്രബോധനം എങ്ങനെ നിർവ്വഹിക്കണമെന്നതിന് വ്യക്തമായ മാർഗ നിർദ്ദേശങ്ങൾ ലഭിക്കുന്നത് പ്രവാചകൻമാരുടെ ചരിത്രത്തിൽനിന്നും വിശിഷ്യാ അന്തിമ പ്രവാചകനായ മുഹമ്മദ് മുസ്തഫാ(സ)യുടെ ചരിത്രത്തിൽ നിന്നുമാണ്. അതിനാൽ ജനങ്ങളെ അല്ലാഹുവിൻെറ ദീനുമായി അടുപ്പിക്കാൻ ശ്രമിക്കുന്നവരെല്ലാം ലക്ഷ്യവും മാർഗവും നിർണ്ണയിക്കേണ്ടത് പ്രവാചകൻമാരുടെ മാതൃകകൾക്കനുസൃതമായിട്ടാവണം എന്ന കാര്യത്തിൽ ആരെകിലും തർക്കിക്കുമെന്ന് തോന്നുന്നില്ല.

"മാർഗങ്ങൾ ഏത് സ്വീകരിച്ചാലും ലക്ഷ്യം നല്ലതല്ലേ" എന്ന് ചില ശുദ്ധഗതിക്കാർ ചോദിക്കാറുണ്ട്. എന്നാൽ ഇസ്ലാമിക വീക്ഷണത്തിൽ മുസൽമാൻെറ ആദർശവും ലക്ഷ്യവും ആ ലക്ഷ്യം നേടിയെടുക്കാൻ ശ്രമിക്കുന്ന മാർഗങ്ങളും ഒരുപോലെ കളങ്കരഹിതവും പരിശുദ്ധവുമായിരിക്കണം. 'ലക്ഷ്യം മാർഗത്തെ ന്യായീകരിക്കും' എന്ന തത്വം ഇസ്ലാമികമായി ജീവിക്കുന്നവരെ ഒരു രംഗത്തും സ്വാധീനിക്കാൻ പാടില്ല. ഇസ്ലാം മത പ്രചരണത്തിൽ വിശേഷിച്ചും.

എന്നാൽ തബ്ലീഗുകാരാവട്ടെ, ജനങ്ങൾക്ക് ദീനീകാര്യങ്ങളിൽ ആവേശമുണ്ടാക്കുക, അവരെ അമലുകൾക്ക് പ്രേരിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്ക്

വേണ്ടി കെട്ടുകഥകളും മറ്റുമൊക്കെ പാമരജനങ്ങളെ ആദരപൂർവ്വം പഠിപ്പി ക്കുന്നവരായിമാറിയാരിക്കുന്നു! 'തബ്ലീഗീ നിസ്വാബ്' (തബ്ലീഗിൻെറ പാഠ്യപദ്ധതി) എന്നറിയപ്പെടുന്ന 'തഅ്ലീം കിതാബുകളുടെ' ഒരു പരമ്പര തന്നെ ഇവർ തയ്യാറാക്കിയിട്ടുണ്ട്. ജമാഅത്തിനു പോവുന്ന വിവിധ ഭാഷക്കാരെ ഉദ്ദേശി ച്ച് ഈ ഗ്രന്ഥങ്ങളുടെ പിൻബലത്തോടെ ഈ 'തഅ്ലീം കിതാബുകളേയും' തബ്ലീഗുകാരുടെ ആദർശ-നയവൈകല്യങ്ങളെയും ആരെങ്കിലും വിമർശിച്ചാൽ അവരുടെ മറുപടി പലപ്പോഴും "എന്നിട്ടും എത്ര പേർ ദിനേനയെന്നോണം ഞങ്ങളി ലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു" എന്നായിരിക്കും. "മഹത്തായ" ഈ പ്രവർത്തനത്തിലേക്ക് ജനങ്ങളെ ആകർഷിക്കാൻ ഞങ്ങൾ സ്വീകരിക്കുന്ന മാർഗമല്ല. ലക്ഷ്യമാണ് നോക്കേണ്ടത്" എന്നാണവരുടെ നിലപാട്. എന്നാൽ ഇസ്ലാമിൽ ലക്ഷ്യം പോലെത്തന്നെ മാർഗവും പ്രധാനമാണെന്ന് നിഷ്പക്ഷമതി കളെ പ്രത്യേകം ഉണർത്തട്ടെ.